24
ഫെബ്രുവരി 2021
ബുധൻ
1196 കുംഭം 12 1442 റജബ് 12

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 28 •ലക്കം 42 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട്–ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം–കാസർകോട്–എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
BANGALORE (Shayda Marg.)
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
KASARAGOD
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

എലിവിഷം കലർന്ന ഐസ്ക്രീം കഴിച്ച സംഭവം: അദ്വൈതിന് പിന്നാലെ ദൃശ്യയും മരിച്ചു

യുവതി അറസ്റ്റിൽ

കാഞ്ഞങ്ങാട്: എലിവിഷം കലർന്ന ഐസ്ക്രീം കഴിച്ച് പിഞ്ചു ബാലൻ മരിച്ചതിന് പിന്നാലെ മാതൃ സഹോദരിയും മരിച്ചു. സംഭവത്തിൽ മന:പൂർവ്വമല്ലാത്ത നരഹത്യയ്ക്ക് കേസെടുത്ത പൊലീസ് യുവതിയെ അറസ്റ്റ് ചെയ്തു. അജാനൂർ, കടപ്പുറത്തെ മഹേഷിന്റെ ഭാര്യ വർഷ (28)യെ ആണ് ഹൊസ്ദുർഗ്ഗ് ഇൻസ്പെക്ടർ പി കെ മണി ഇന്നു രാവിലെ അറസ്റ്റ് ചെയ്തത്. സംഭവത്തിൽ വർഷക്കെതിരെ നേരത്തെ അസ്വാഭാവിക മരണത്തിന് കേസെടുത്തിരുന്നു. ഇവരുടെ മകൻ അദ്വൈത് (5) മരിച്ചതിന് പിന്നാലെ സഹോദരി ദൃശ്യ (19)യും മരിച്ചതോടെ കേസ് ബോധപൂർവ്വമല്ലാത്ത നരഹത്യയായി മാറ്റുകയായിരുന്നു. ദൃശ്യ ഇന്നലെ വൈകുന്നേരമാണ് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിച്ചത്.

ഈ മാസം 11ന് ആണ് നാടിനെ നടുക്കിയ സംഭവം നടന്നത്. കുമ്പളയിലെ മഹേഷിന്റെ ഭാര്യ വർഷയും രണ്ടു മക്കളും അജാനൂർ കടപ്പുറത്തെ വീട്ടിലാണ് താമസിച്ചിരുന്നത്. ഇവിടെ നിന്നും കുമ്പളയിലേയ്ക്ക് താമസം മാറുന്നതിനുള്ള തയ്യാറെടുപ്പിലായിരുന്നു ഇവർ.

ദൃശ്യ

അദ്വൈത്

താമസം മാറുന്നതിൽ വർഷയ്ക്ക് വിഷമം ഉണ്ടായിരുന്നതായി പറയുന്നു. ഇതേ തുടർന്ന് ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. 11ന് പുറത്തേയ്ക്ക് പോയ വർഷ ഐസ്ക്രീമും എലിവിഷവുമായി തിരിച്ചെത്തുകയായിരുന്നുവെന്ന് പറയുന്നു. വിഷം കലർത്തിയ ഐസ്ക്രീം കഴിച്ച അദ്വൈതിന് ക്ഷീണം തോന്നുകയും ബെഡ്റൂമിൽ പോയി കിടക്കുകയും ചെയ്തു. ഇതിനിടയിൽ പുറത്തേക്ക് കളിക്കാൻ പോയ മകൻ അദ്വൈത് തിരിച്ചെത്തുകയും മേശപ്പുറത്ത് കണ്ട ഐസ്ക്രീം എടുത്തുകൊണ്ടുപോയി സഹോദരൻ ഇഷാനും മാതൃസഹോദരി ദൃശ്യയ്ക്കും നൽകി. വിഷം കലർത്തിയ ഐസ്ക്രീം ആണെന്ന് അറിയാതെ അവർ കഴിച്ചു. താൻ വിഷം കഴിച്ച കാര്യം വർഷ ആരോടും പറഞ്ഞില്ല. അർദ്ധരാത്രിയിൽ മക്കളും സഹോദരിയും ഛർദ്ദിക്കാൻ തുടങ്ങി. എന്നാൽ അന്നു ആശുപത്രിയിൽ പോയില്ല. പിറ്റേന്ന് നില വഷളായതിനെ തുടർന്നാണ് ആശുപത്രിയിൽ ചികിത്സ തേടിയത്. ഉച്ചയോടെ മൂത്ത മകൻ അദ്വൈത് മരിച്ചു. വീടിന് സമീപത്തെ ഹോട്ടലിൽ നിന്ന് വാങ്ങിയ ബിരിയാണിയിൽ നിന്ന് ഭക്ഷ്യവിഷബാധയേറ്റുവെന്നാണ് ആദ്യം കരുതിയതും അതു കേന്ദ്രീകരിച്ചാണ് പൊലീസ് അന്വേഷണം നീങ്ങിയതും.

കോഴിക്കോട്ടെ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ദൃശ്യയെയും വർഷയെയും ചോദ്യം ചെയ്തിരുന്നു. ഈ സമയത്താണ് ഐസ്ക്രീമിൽ എലിവിഷം കലർത്തിയ സംഭവം പുറത്തായത്. വർഷ രണ്ട് ദിവസം മുമ്പ് ആശുപത്രി വിടുകയും ചെയ്തിരുന്നു. ഇന്നലെ വൈകീട്ട് ദൃശ്യ മരിച്ചതോടെയാണ് വർഷയെ അറസ്റ്റ് ചെയ്തതെന്ന് പൊലീസ് കേന്ദ്രങ്ങൾ പറഞ്ഞു.

ഹർഷയാണ് മരിച്ച ദൃശ്യയുടെ മറ്റൊരു സഹോദരി.

ശബരിമല, പൗരത്വ കേസുകൾ പിൻവലിക്കാൻ മന്ത്രിസഭാ തീരുമാനം

തിരു: ശബരിമലയിൽ യുവതീ പ്രവേശനം അനുവദിച്ചുകൊണ്ട് സുപ്രീംകോടതി വിധി വന്നതിനു ശേഷം ഉണ്ടായ അനിഷ്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കാൻ ഇന്നു ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. പൗരത്വ നിയമത്തിനെതിരെ ഉണ്ടായ പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായ കേസുകളും പിൻവലിക്കും. ഗുരുതരമല്ലാത്ത ക്രിമിനൽ കേസുകളാണ് പിൻവലിക്കുക.ശബരിമല കേസുകൾ പിൻവലിക്കണമെന്ന് എൻ എസ് എസ് ആവശ്യപ്പെട്ടിരുന്നു. യു ഡി എഫ് അധികാരത്തിൽ വന്നാൽ കേസുകൾ പിൻവലിക്കുമെന്നും പുതിയ നിയമ നിർമ്മാണം നടത്തുമെന്നും ഉമ്മൻചാണ്ടിയും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും നേരത്തെ വ്യക്തമാക്കിയിരുന്നു.

കാറിൽ കടത്തിയ അരകിലോ കഞ്ചാവും പണവും പിടികൂടി; പ്രതി ഓടി രക്ഷപ്പെട്ടു

കാസർകോട്: സ്വിഫ്റ്റ് കാറിൽ കടത്തുകയായിരുന്ന അരക്കിലോ കഞ്ചാവും പതിനായിരം രൂപയും പിടികൂടി. കാറിൽ ഉണ്ടായിരുന്ന ആൾ ഓടി രക്ഷപ്പെട്ടു. ചെർക്കള-ബദിയഡുക്ക റോഡ് കെട്ടുംകല്ലിൽ വെച്ച് വിദ്യാനഗർ ഇൻസ്പെക്ടർ ശ്രീജിത്ത് കോടേരിയും സംഘവുമാണ് കാർ പിടികൂടിയത്. ഇന്നലെ രാത്രി സ്ഥലത്ത് വാഹന പരിശോധന നടത്തുകയായിരുന്നു പൊലീസ് സംഘം. കൈകാണിച്ചപ്പോൾ അൽപ്പം ദൂരെ കാർ നിർത്തിയ ശേഷം ഡ്രൈവർ ഓടി രക്ഷപ്പെടുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. സംശയം തോന്നിയ പൊലീസ് കാറിനകത്ത് പരിശോധിച്ചപ്പോഴാണ് അരക്കിലോ കഞ്ചാവും പണവും കഞ്ചാവ് തൂക്കാൻ ഉപയോഗിക്കുന്ന ത്രാസും കണ്ടെത്തിയത്.

പിടിയിലായ കഞ്ചാവും പണവും ത്രാസും

കഞ്ചാവ് കടത്തവെ കെട്ടുംകല്ലിൽ വെച്ച് പിടിയിലായ കാർ

ആന്ധ്രാപ്രദേശിൽ നിന്ന് കഞ്ചാവ് എത്തിച്ച് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ചില്ലറ വിൽപ്പന നടത്തുന്ന സംഘമായിരിക്കും കഞ്ചാവ് കടത്തിന് പിന്നിലെന്ന് സംശയിക്കുന്നതായി പൊലീസ് പറഞ്ഞു. ആന്റിനാർക്കോട്ടിക് സ്ക്വാഡിന്റെ സഹായത്തോടെ കൂടുതൽ അന്വേഷണം ആരംഭിച്ചതായി ഇൻസ്പെക്ടർ ശ്രീജിത്ത് കോടേരി പറഞ്ഞു. പ്രതികളെ കുറിച്ച് സൂചന ലഭിച്ചതായും പൊലീസ് വൃത്തങ്ങൾ പറഞ്ഞു.

ഗൃഹനാഥൻ കുളത്തിൽ മരിച്ച നിലയിൽ

ബേഡകം: ഗൃഹനാഥനെ വീടിനടുത്ത കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി.

ബേഡഡുക്കം കരിമ്പങ്ങാനത്തെ ബാലകൃഷ്ണ ഭട്ട്യാ(57)ണ് മരിച്ചത്. ഇന്ന് രാവിലെയാണ് വീടിനടുത്ത കുളത്തിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. പൊലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് മൃതദേഹം കരക്കെടുത്തു. ഭാര്യ: രാധിക. മകൻ: പ്രജ്വൽ. സഹോദരങ്ങൾ: നാഗരാജഭട്ട്, ഗോപാല കൃഷ്ണ ശർമ്മ, ഉഷ, ആശ, ശശിപ്രഭ, വീണ.

ഇന്ധന വില ഇന്നും കൂട്ടി; ഉടൻ പിൻവലിച്ചു

കാസർകോട്: ഇന്ധനവില ഇന്നും കൂട്ടിയെങ്കിലും ഉടൻ പിൻവലിച്ചു. പെട്രോൾ ലിറ്ററിന് 28 പൈസയും ഡീസലിന് 25 പൈസയുമാണ് ഇന്ന് കൂട്ടിയത്. എന്നാൽ വില കൂട്ടിയ അറിയിപ്പിന് തൊട്ടുപിന്നാലെ തന്നെ വർധിപ്പിച്ച വില പിൻവലിച്ചുകൊണ്ട് അറിയിപ്പെത്തിയെന്ന് പെട്രോൾ പമ്പ് ഉടമകൾ പറഞ്ഞു.

ശനിയാഴ്ച്ച ഇന്ധനവില വർധനക്ക് ശേഷം ഞായറും തിങ്കളും വിലമാറ്റമില്ലാതെ തുടർന്നിരുന്നു. ഇതിനിടയിലാണ് ഇന്നലെ വീണ്ടും വില കൂട്ടിയത്. കാസർകോട്ട് ഒരു ലിറ്റർ പെട്രോളിന് ഇന്നത്തെ വില 92.10 രൂപയും ഡീസലിന് 86.73 രൂപയുമാണ്. ഇന്നും വില കൂട്ടിയെങ്കിലും പൊടുന്നനെ പിൻവലിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. രാജ്യാന്തര തലത്തിൽ ക്രൂഡ് ഓയിൽ വിലയുടെ വർധനയാണ് ഇന്ത്യയിലും പ്രതിഫലിക്കുന്നതെന്ന വിശദീകരണമാണ് എണ്ണ കമ്പനികൾ നൽകുന്നത്.

തലപ്പാടിയിൽ നാളെ മുതൽ കർശന നടപടി

കർണ്ണാടകത്തിനു പിന്നാലെ ഡൽഹിയിലും കേരളക്കാർക്ക് നിയന്ത്രണം

ന്യൂദെൽഹി/ കാസർകോട്: കോവിഡ് വ്യാപന സാധ്യതയുടെ പേരിൽ കർണ്ണാടകത്തിനു പിന്നാലെ ഡൽഹിയിലും കേരളത്തിൽ നിന്നുള്ള വർക്ക് നിയന്ത്രണം ഏർപ്പെടുത്തി. മഹാരാഷ്ട്ര, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, പഞ്ചാബ്, എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്കും നിയന്ത്രണമുണ്ട്. ആർ ടി പി സി ആർ ടെസ്റ്റ് നടത്തി കോവിഡ് നെഗറ്റീവ് ആണെന്ന സർട്ടിഫിക്കറ്റ് ഇല്ലാത്തവരെ ഡൽഹിയിലേയ്ക്ക് പ്രവേശിപ്പിക്കില്ല. നിയന്ത്രണം നാളെ മുതൽ പ്രാബല്യത്തിൽ വരും. അടുത്ത മാസം 15 വരെയാണ് നിയന്ത്രണം തുടരുക.

അതേ സമയം ആർ ടി പി സി ആർ ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റ് ഇല്ലാത്തവരെ സംസ്ഥാനത്തേയ്ക്ക് പ്രവേശിപ്പിക്കേണ്ടതില്ലെന്ന തീരുമാനത്തിൽ കർണ്ണാടക ഉറച്ചു നിൽക്കുകയാണ്. നിയന്ത്രണത്തിനെതിരെ പ്രതിഷേധം ഉയർന്നതിനെ തുടർന്ന് ഇന്നുവരെ കർണ്ണാടക ഇളവ് നൽകിയിരുന്നു. നാളെ മുതൽ നിയന്ത്രണം ശക്തമാക്കുമെന്നു ദക്ഷിണ കന്നഡ ജില്ലാമെഡിക്കൽ ഓഫീസർ ഡോ. രാമചന്ദ്ര ബയാറി വ്യക്തമാക്കിയിട്ടുണ്ട്. പരിശോധനാഫലം കൈവശം ഇല്ലാത്ത യാത്രക്കാർ, നാളെ വൈകിട്ട് വരെ പരിശോധനയ്ക്കു വിധേയരായതിന്റെ റഫറൻസ് നമ്പർ കാണിച്ചാൽ യാത്രാ അനുമതി നൽകുമെന്നും മെഡിക്കൽ ഓഫീസർ പറഞ്ഞു.

അതേ സമയം തലപ്പാടിയിൽ കർണ്ണാടക ആർ ടി പി സി ആർ സ്രവ ശേഖരണ കേന്ദ്രം ആരംഭിച്ചു. ഇന്നു രാവിലെ ഇവിടെ വലിയ ക്യൂവാണ് അനുഭവപ്പെട്ടത്. എന്നാൽ ഇളവുകളോടെയുള്ള യാത്രയ്ക്കു ഇന്നു തടസമൊന്നും ഇല്ല. നാളെ മുതൽ കർശന നിയന്ത്രണത്തോടെ മാത്രമേ യാത്ര അനുവദിക്കുകയുള്ളുവെന്ന് പൊലീസ് യാത്രക്കാരെ ഉപദേശിക്കുന്നുണ്ട്. കാസർകോട് നിന്നു 16 പ്രധാന പ്രവേശന കവാടങ്ങളാണ് കർണ്ണാടകയിലേക്ക് ഉള്ളത്. ഇവയിൽ 12 എണ്ണം നേരത്തെ അടച്ചിരുന്നു. ചെറിയ റോഡുകളും ഇന്നലെ മുതൽ അടച്ചുതുടങ്ങിയിട്ടുണ്ട്. ഒഡ്യ, സുള്ള്യപദവ് എന്നിവിടങ്ങളിലെ പ്രവേശന കവാടങ്ങളാണ് പൊലീസ് ഇന്നലെ ബാരിക്കേഡ് വച്ച് തടസ്സപ്പെടുത്തിയിട്ടുള്ളത്.

കർണ്ണാടക സർക്കാർ അതിർത്തിയിൽ ഏർപ്പെടുത്തിയ കോവിഡ് പരിശോധനയ്ക്കായി എത്തിച്ചേർന്നവരുടെ തിരക്ക്

പരിശോധകർ സമയത്ത് എത്താത്തതുകൊണ്ട് മംഗൽപ്പാടി താലൂക്ക് ആശുപത്രിയിൽ കോവിഡ് പരിശോധനയ്ക്കായി കാത്തിരിക്കുന്നവർ

തലപ്പാടിയിലെ ഗതാഗത നിയന്ത്രണത്തിനെതിരെ ഹർജി: നാളെ പരിഗണിച്ചേക്കും

മംഗളൂരു: കോവിഡിന്റെ പേരിൽ തലപ്പാടി അന്തർ സംസ്ഥാന ചെക്ക് പോസ്റ്റിൽ കേരളത്തിൽ നിന്നുള്ള യാത്രക്കാർക്കു വിലക്ക് ഏർപ്പെടുത്താനുള്ള നീക്കം തടയണമെന്നാവശ്യപ്പെട്ടു ഡി സി സി ജനറൽ സെക്രട്ടറി അഡ്വ. സുബ്ബയ്യറൈ കർണ്ണാടക ഹൈക്കോടതിയിൽ സമർപ്പിച്ച പൊതു താൽപ്പര്യഹർജി നാളെ പരിഗണിച്ചേക്കും.

മിനിഞ്ഞാന്നു സമർപ്പിച്ച ഹർജി ഇന്നത്തേക്കു ലിസ്റ്റ് ചെയ്തിട്ടില്ലെന്ന് അഡ്വ. സുബ്ബയ്യറൈ അറിയിച്ചു. വിലക്കു നിലവിൽ വന്നാൽ കേരളത്തിലെ ജനങ്ങൾക്കുണ്ടാവുന്ന കടുത്ത പ്രതിസന്ധികളെക്കുറിച്ചു കൂടുതൽ തെളിവുകൾ ഇന്നു കോടതിയിൽ ഹാജരാക്കുന്നുണ്ട്. കർണ്ണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ബഞ്ചിലേക്കാണ് പൊതു താൽപ്പര്യ ഹർജി സമർപ്പിച്ചിട്ടുള്ളത്.

ലോക്ഡൗൺ സംബന്ധിച്ചു കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകൾക്കു വിരുദ്ധമായാണ് അതിർത്തിയിൽ നിയന്ത്രണമേർപ്പെടുത്തുന്നതെന്ന് ഹർജിയിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. അന്തർ സംസ്ഥാന ഗതാഗതത്തിനു നിയന്ത്രണങ്ങൾ തടസ്സമാവരുതെന്ന് അതുസംബന്ധിച്ച നിർദ്ദേശങ്ങളുടെ എട്ടാം ഖണ്ഡികയിൽ പറയുന്നുണ്ടെന്ന് അഡ്വ. സുബ്ബയ്യറൈ ചൂണ്ടിക്കാട്ടി.

തലപ്പാടി മുതൽ സുള്ള്യ വരെ കേരള -കർണ്ണാടക അതിർത്തിയിലെ 100 കിലോമീറ്ററോളം ദൂരത്തിലുള്ള നാലു ചെക്ക് പോസ്റ്റുകളൊഴികെ മറ്റു വഴികളെല്ലാം അടക്കുന്നതു സഞ്ചാര സ്വാതന്ത്ര്യത്തിന്റെ ലംഘനമാണെന്നു ഹർജിയിൽ അദ്ദേഹം പറഞ്ഞു.

അതേ സമയം തലപ്പാടിയിലെ കർണ്ണാടക അതിർത്തിയിൽ കർണ്ണാടക സർക്കാർ ആർടി പി സി ആർ, ആന്റിജൻ പരിശോധനകൾ തുടരുന്നു. ഇന്നലെയും മിനിഞ്ഞാന്നുമായി 3000 പേരെ ഇവിടെ പരിശോധിച്ചതായി അധികൃതർ അറിയിച്ചു. ഇന്നു രാവിലെ മുതൽ കേരളത്തിൽ നിന്നുള്ള നൂറുകണക്കിനാളുകൾ പരിശോധനക്കു ക്യൂ നിൽക്കുന്നു.

അതേ സമയം മഞ്ചേശ്വരം സി എച്ച് സിയിലെ പരിശോധനാ കേന്ദ്രത്തിൽ ഇന്നു 10.30 വരെ പരിശോധകർ എത്താത്തതിനാൽ അതിനുവേണ്ടി രാവിലെ എത്തിയ നാട്ടുകാർ വിഷമിച്ചു. മംഗൽപ്പാടി താലൂക്കാശുപത്രിയിൽ ഇന്നു പരിശോധനക്കു കുറച്ചാളുകളെ രാവിലെ എത്തിയിട്ടുള്ളു. ഇന്നലെ ഇവിടെ 300 പേരെ പരിശോധിച്ചതായി അധികൃതർ പറഞ്ഞു.

കാഞ്ഞങ്ങാട്: ആർ എസ് എസ് പ്രവർത്തകനായ യുവാവിനെ ദുരൂഹ സാഹചര്യത്തിൽ തെങ്ങിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി.

ആർ എസ് എസ് പ്രവർത്തകൻ ദുരൂഹ സാഹചര്യത്തിൽ തെങ്ങിൽ തൂങ്ങി മരിച്ച നിലയിൽ

തൃക്കരിപ്പൂർ, തൈക്കീലിലെ ദാമോദരന്റെയും തങ്കമണിയുടെയും മകൻ ദിദീഷ് (25) ആണ് മരിച്ചത്. വലിയ പറമ്പ് പഞ്ചായത്തിലെ കന്നുവീട് കടപ്പുറത്തെ ശ്മശാന പരിസരത്ത് തെങ്ങിൽ തൂങ്ങിയ നിലയിലാണ് മൃതദേഹം ഇന്നു രാവിലെ കണ്ടെത്തിയത്.ഉയരമുള്ള തെങ്ങിന്റെ മണ്ടയിൽ പ്ലാസ്റ്റിക് കയർ കെട്ടി തൂങ്ങിയ നിലയിലാണ് ജഡം. സമീപത്ത് ഒരു പ്ലാസ്റ്റിക് കസേരയും കാണപ്പെട്ടു.

ഇന്നലെ രാത്രി 10.30ന് സുഹൃത്തായ ഇടയിലെക്കാട് സ്വദേശിക്കൊപ്പം ബൈക്കിൽ സഞ്ചരിക്കുന്നതിനിടയിൽ ദിദീഷിനു പരിക്കേറ്റതായി നാട്ടുകാർ പറയുന്നുണ്ടെങ്കിലും സ്ഥിരീകരണമില്ല. മരണത്തിൽ ബന്ധുക്കൾ സംശയം പ്രകടിപ്പിച്ചു. വിരലടയാള വിദഗ്ദ്ധരെത്തി പരിശോധന നടത്തിയ ശേഷം മൃതദേഹം ഇൻക്വസ്റ്റ് നടത്തി പോസ്റ്റുമോർട്ടത്തിനായി പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് മാറ്റി.

രണ്ടുവർഷമായി കാഞ്ഞങ്ങാട് പുതിയ ബസ്സ്റ്റാന്റിനു സമീപത്തെ ബാറിൽ ജീവനക്കാരനാണ് ദിദീഷ് . ജിതിൻ സഹോദരൻ.

നിയമസഭാ തിരഞ്ഞെടുപ്പ്; മുന്നൊരുക്കങ്ങൾ തുടങ്ങി

സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകൾ സജീവമാക്കി രാഷ്ട്രീയ പാർട്ടികൾ

കാസർകോട്: മാർച്ച് ഏഴിനു നിയമസഭാ തെരഞ്ഞെടുപ്പ് തീയ്യതി പ്രഖ്യാപനം ഉണ്ടാകുമെന്ന സൂചന ശക്തമായിരിക്കെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ സജീവം. ഇതിന്റെ ഭാഗമായി ജില്ലാ കലക്ടർ ഡോ. ഡി സജിത്ത് ബാബു, ജില്ലാ പൊലീസ് മേധാവി പി ബി രാജീവ് എന്നിവർ സ്ട്രോംഗ് റൂമുകളിൽ പരിശോധന ആരംഭിച്ചു. കാസർകോട് ഗവ. കോളേജ്, കുമ്പള ജി എച്ച് എസ് എസ്, പെരിയ ഗവ. പോളിടെക്നിക്ക് എന്നിവിടങ്ങളിൽ ഇന്നു രാവിലെ പരിശോധന നടത്തി. ഉച്ച കഴിഞ്ഞ് തൃക്കരിപ്പൂർ ഗവ. പോളിടെക്നിക്ക്, പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് എന്നിവിടങ്ങളിലും പരിശോധന നടത്തും. എ എസ് പി പ്രജീഷ് തോട്ടത്തിൽ, ഡി വൈ എസ് പി പി സദാനന്ദൻ എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.

അതേ സമയം സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകൾ വിവിധ രാഷ്ട്രീയ പാർട്ടികൾ സജീവമാക്കി. ഐശ്വര്യ യാത്ര സമാപിച്ചതോടെ കോൺഗ്രസും സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകളിലേയ്ക്കു കടന്നു. ലീഗ് സ്ഥാനാർത്ഥികളുടെ സാധ്യതാ പട്ടിക ഓരോ ജില്ലാ കമ്മറ്റികളും നേരത്തെ സംസ്ഥാന നേതൃത്വത്തിനു സമർപ്പിച്ചിരുന്നു.

വികസന മുന്നേറ്റ യാത്രയ്ക്കു ശേഷം ഇടതു മുന്നണിയും സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകളിലേയ്ക്കു കടക്കും. ഓരോ മണ്ഡലത്തിലേയ്ക്കും മൂന്നു പേരുടെ പേരുകളടങ്ങിയ പട്ടിക സി പി എമ്മും സി പി ഐയും സംസ്ഥാന നേതൃത്വങ്ങൾക്കു കൈമാറിയിട്ടുണ്ട്.

വനംവകുപ്പ് അധികൃതരെ വെല്ലുവിളിച്ച് കാട്ടാനകൾ

കിടങ്ങ് ചാടിക്കടന്ന് കൃഷി നശിപ്പിച്ചു

കാനത്തൂർ: കർണ്ണാടക വനമേഖലയിൽ നിന്നും എത്തി കൃഷി നശിപ്പിക്കുന്ന കാട്ടാനകളെ തടയാൻ ഉണ്ടാക്കുന്ന കിടങ്ങു നിർമ്മാണം വെറുതെയാകുമെന്ന് ആശങ്ക. ഇന്നലെ എത്തിയ ആനക്കൂട്ടം നിർമ്മാണത്തിലിരിക്കുന്ന കിടങ്ങു ചാടി കടന്ന് കൃഷിയിടങ്ങളിലിറങ്ങി വ്യാപകനാശം വരുത്തി. കുറ്റിക്കോൽ, പള്ളഞ്ചി, പുതിയക്കണ്ടത്തെ ഗോപി, മധു എന്നിവരുടെ കൃഷിയിടത്തിലെ തെങ്ങ്, വാഴ, കവുങ്ങ് എന്നിവ വ്യാപകമായി നശിപ്പിച്ചു. പള്ളഞ്ചിയിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന കിടങ്ങാണ് ഇന്നലെ രാത്രി ആനക്കൂട്ടം ചാടി കടന്നത്. നിലവിൽ രണ്ടര മീറ്റർ വീതിയിലും ആഴത്തിലുമുള്ള കിടങ്ങുകളാണ് ജെ സി ബി ഉപയോഗിച്ചു കൊണ്ട് നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. ഇതു പോരെന്ന ആവശ്യമാണ് നാട്ടുകാർക്ക് ഉള്ളത്.

അതേസമയം മുളിയാർ വനത്തിനു അകത്തു തമ്പടിച്ച് നാട്ടിലിറങ്ങി കൃഷി നശിപ്പിച്ചു കൊണ്ടിരിക്കുന്ന ആനക്കൂട്ടത്തെ അഡൂർ, പുളിപ്പറമ്പ് വനത്തിലേയ്ക്ക് കടത്താനുള്ള ശ്രമം തുടരുകയാണ്. ഇന്നലെ ആരംഭിച്ച ദൗത്യത്തിൽ 42 വനം വകുപ്പ് ഉദ്യോഗസ്ഥരും നാട്ടുകാരും പങ്കെടുക്കുന്നു.

കിടങ്ങ് കടന്നുപോയ ആനകൾ വിസർജ്ജിച്ച നിലയിൽ.

അന്തുക്ക